# അക്കാദമിക മാസ്റ്റർപ്ലാൻ
# 2025-26

## ഗവ.വെൽഫേർ എൽ പി സ്കൂൾ
## അയനിക്കാട്

## ആമുഖം

മെച്ചപ്പെട്ട സാമൂഹ്യ ജീവിതത്തിനു വേണ്ടി വ്യക്തിയെ തയ്യാറാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. നമ്മുടെ കുട്ടികൾ തന്നിലും കുടുംബത്തിലും മാത്രം ഒതുങ്ങിക്കൂടാതെ സാമൂഹ്യബോധവും സാംസ്കാരിക പാരമ്പര്യവും ഉൾക്കൊണ്ട് വളർന്നു വരണം. പൊതുവിദ്യാലയത്തെ അത്തരത്തിൽ ഉന്നതിയിലേക്ക് എത്തിക്കുക എന്നത് ഒരു തുടർപ്രവർത്തനമാണ്. അനുയോജ്യമായ അറിവും നൈപുണിയും മൂല്യങ്ങളും ആർജ്ജിക്കാൻ പഠന പ്രവർത്തനങ്ങൾ എല്ലാവരേയും പ്രാപ്തരാക്കട്ടെ.

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ പയ്യോളി നഗരസഭയിലെ 12ാം ഡിവിഷനിലാണ് മേലടി വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട അയനിക്കാട് ഗവണ്മെന്റ് വെൽഫേർ എൽ.പി.സ്കൂൾ സ്ഥിതിചെയ്യുന്നത്. 1920 ൽ സ്ഥാപിതമായ സ്കൂൾ പരിമിതികൾക്കിടയിലും മെച്ചപ്പെട്ട പ്രവർത്തന മികവുമായി മുന്നോട്ട് പോകുന്നു.

## ലക്ഷ്യങ്ങൾ

* പാഠപുസ്തകങ്ങൾക്കപ്പുറത്ത് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക
* 1 മുതൽ 4 വരെയുള്ള ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഒരോ കുട്ടിയും കഴിവനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.
* എല്ലാ കുട്ടികളും എല്ലാ മേഖലകളിലും പഠനാനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരങ്ങൽ ലഭ്യമാക്കുക.
* പഠനത്തിൽ പിന്നാക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ സഹായം ലഭ്യമാക്കുക.
* ലഘുപഠനയാത്രകൾ , പഠനക്യാമ്പുകൾ , ശില്പശാലകൾ , വിദഗ്ദ്ധരുടെ ക്ലാസുകൾ തുടങ്ങി വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പേടുത്തുക.
* കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
* മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുക.
* ജീവിതലഹരിയെ പ്രോജ്ജ്വലിപ്പിക്കുക. മറ്റുള്ളവ നിരാകരിക്കാനുള്ള പ്രേരണ വളർത്തിയെടുക്കുക.

# വിദ്യാലയ ചരിത്രം

1920 ൽ ഹരിജനങ്ങൾക്ക് സൌജന്യഭക്ഷണം എത്തിച്ചുകൊണ്ട് അക്ഷരാഭ്യാസം നല്കാനുള്ള സർക്കാർ പദ്ധതി പ്രകാരം ശ്രീ തേവലത്ത് രാമൻ നായർ മുൻ കൈയ്യെടുത്ത് ചാത്തങ്ങാടിത്താഴെ ഒരു ഓലഷെഡിൽ ആരംഭിച്ചതാണ് ഈ വിദ്യാലയം . പിന്നീട് 1935 ൽ ചെട്ടിച്ചിത്താഴെ ചെങ്കല്ലും കട്ടയും ഉപയോഗിച്ച് കെട്ടിടം പണിതു.അക്കാലത്ത് 10 കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളിൽ നിന്നായി 165 ൽ അധികം കുട്ടികൾ സ്കൂളിൽ പഠിച്ചിരുന്നു.1945 ന് ഹരിജൻ വെൽ ഫേർ ഡിപ്പാർട്ട്മെന്റ് ഈവിദ്യാലയം ഏറ്റെടുത്തു. പിന്നീട് 15 വർഷത്തോളം പ്രയാസങ്ങളിലൂടെ പോയ സ്കൂളിലേക്ക് നാട്ടുകാരുടെ പരിശ്രമത്തിൽ കൂടുതൽ കുട്ടികളെത്തുകയും ഹാജർ നില കൂടുകയും ചെയ്തു. അക്കാലത്ത് അബോളിഷ്മെന്റ് നേരിട്ട സ്കൂൾ പിന്നീട് ജനപ്രതിനിധികളും മന്ത്രിമാരും നാട്ടുകാരും ചേർന്ന് താല്പര്യത്തോടെ കൂട്ടായി പ്രവർത്തിച്ചതിന്റെ ഫലമായി പ്രയാസങ്ങളെ തരണം ചെയ്ത് 2007 വരെ സ്വകാര്യ വ്യക്തിയുടെ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവന്നു. പിന്നീട് പയ്യോളി ഗ്രാമപ്പഞ്ചായത്ത് 25 സെന്റ് സ്ഥലം വാങ്ങുകയും ഗ്രാമപ്പഞ്ചായത്ത് ,വിദ്യാഭ്യാസ വകുപ്പ് , സ്പോർട്സ് വകുപ്പ് , മറ്റ് വിവിധ പദ്ധതികളിലുമുൾപ്പെടുത്തിയും നാട്ടുകാരുടെ സഹായത്താലും ഇന്നത്തെ രീതിയിൽ 2010 മുതൽ പ്രവർത്തിച്ചു വരുകയാണ്.

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മേലടി സബ്ജില്ലയിലെ മികച്ച സ്കൂളുകളിലൊന്നായി മാറാൻ ചുരുങ്ങിയ കാലം കൊണ്ട് സ്കൂളിന് സാധിച്ചു.2003 മുതൽ മികച്ച സൌകര്യങ്ങളോടെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന പ്രീ പ്രൈമറി ക്ലാസുകൾ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.തുടർ ക്ലാസുകളിലായി 1 മുതൽ 4 വരെ ഇംഗ്ലീഷ് മീഡിയം ഇല്ലാത്തത് സ്കൂളിന് പരിമിതിയായി ഇപ്പോൾ അനുഭവപ്പെടുന്നുണ്ട്. മാത്രമല്ല സ്ഥിരം അറബിക് ടീച്ചർ പോസ്റ്റ് നഷ്ടപ്പെട്ടതും സ്കൂളിന് നിലവിൽ തിരിച്ചടിയായിരിക്കുന്നു.

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ ശേഷീവികാസങ്ങൾക്കിടം നല്കിക്കൊണ്ട് ഓരോകുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് നമ്മൾ ഈവർഷം ലക്ഷ്യമിടുന്നത്.

**ഭാഷാവികാസം** , വൈജ്ഞാനിക മേഖല , സർഗ്ഗാല്മക മേഖല ,വൈകാരിക മേഖല എന്നിങ്ങനെ വ്യത്യസ്ത ജ്ഞാന മേഖലകളെ പരിഗണിച്ചാണ് ക്ലാസ്സ്തല മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാസമ്പത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായിത്തീരണം എന്നതാണ് ഇതിന്റെ ലക്ഷ്യം.

**ഗണിത പഠനം** രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണമെന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഗണിത പാഠങ്ങൾ വികസിപ്പിച്ചെടുത്തത് ഒരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ കുട്ടിയുടെ മനസ്സിലുറച്ചിരിക്കണം എന്നതാണ് ലക്ഷ്യം.

**In English** , scientific strategies to provide the desired learning outcome to children from all sections of society. Learning must be ensured that children who have different socio-economic backgrounds and different physical ,Psychological abilities. The language activities assigned in pair of groups. Working and playing in small groups promote interaction in English and its usage .

# ഭാഷ

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ.<br>2) <u>അമ്മ പറയട്ടെ</u> അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ<br>ജൂലൈ<br>ഡിസംബർ<br>ജനുവരി<br>മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി.<br>ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | SMC<br>മദർ പി.ടി.എ. |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് – II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | SSA<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം . | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

# ഇംഗ്ലീഷ്

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന് | SRG | S S A |
| | ജിഴഹശവെ റമ്യ ജിഴഹശവെ മലൈായഹ്യ. | ആഴ്ചയിൽ ഒന്ന് | Class Teacher | |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസ ത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയ മറിഞ്ഞും ഒഴു ക്കോടെയും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | | |
| | വാർത്താവായനാ മത്സരം സംഘടി പ്പിക്കൽ | മാസത്തിൽ ഒന്ന് | | |
| | വായനാക്യാമ്പു കൾ | 3 മാസത്തിൽ ഒന്ന് | | |
| | ബാല പ്രസിദ്ധീ കരണങ്ങളുടെ വായന | ജൂൺ - മാർച്ച് | | |

# English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാ ലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

# ഗണിതം

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ<br>SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പ ശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

# ഗണിതം (Std IV)

| കളിക്കാം..ഗണിക്കാം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| ഗണിതലാബ് | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിതപഠനോപകരണശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടത്തഏ<br>ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# പരിസരപഠനം

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീല ങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപ യോഗിച്ചുള്ള പാച കവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറി യുന്നതിനും ആസ്വദിക്കുന്ന തിനും | പുഷ്പോദ്യാനം, ഔഷ ധത്തോട്ടം, ചുറ്റുവട്ട ത്താകെ | ഡിസംബർ ജനുവരി | SRG SMC | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇല | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ-ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| കണ്ടറിയാം... കേട്ടറിയാം... | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| രുചിച്ചറിയാം... | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയി ലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസ ങ്ങളിലെ പ്രവർത്ത നങ്ങൾ ഉൾക്കൊ ള്ളിച്ച് സുഹൃത്തുക്ക ളുമായി കത്തിട പാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോ ഷണം | കുട്ടികളുടെ നില വാരത്തിനനുസ രിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരു ക്കൽ<br><br>വായനാവേള ഒരു ക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ് | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴു തുവാനും കഴി യുന്ന നിലവാരത്തി ലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യു ന്നതിൽ ആത്മവി ശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്ര വർത്തനങ്ങളുടെ അവതരണം | അവധിക്കാലം | | |